**Bishop's Office**
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai - 600 023
E-mail: hosurdiocese@gmail.com
Web: www.hosurdiocese.in

# Bulletin
## DIOCESE OF HOSUR

*Patron:*
**Mar Sebastian Pozholiparambil**
Bishop of Hosur

*Issue* : **2**
*Volume* : **3**
**February - March 2020**

*Chief Editor:*
**Fr. Jifin Kaitharath**
Mob.: 8113001493

## ഉള്ളടക്കം

01. ഇടയശബ്ദം ..................................... 02
02. പാപ്പയുടെ നോമ്പുകാല സന്ദേശം ..... 04
03. ലോക രോഗീദിനാചരണം ........... 08
04. കച്ചേരികാര്യങ്ങൾ ............................ 12
05. മാതൃജ്യോതിസ് ................................ 16
06. Pope Tweets ................................. 17
07. സെമിനാരി വാർത്തകൾ ............... 19
08. ഫാമിലി അപ്പസ്തോലേറ്റ് ............. 20



# ഇടയശബ്ദം

പ്രിയ ഹൊസൂർ രൂപതാ കുടുംബാംഗങ്ങളേ,

ഹൊസൂർ രൂപത ഫിയാത്ത് കൺവെൻഷൻ ഭംഗിയായി നടന്നു. ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിലച്ചനും ടീമംഗങ്ങളും നേതൃത്വം കൊടുത്ത ഫിയാത്ത് കൺവെൻഷനിലൂടെ ഹൊസൂർ രൂപതയിൽ വലിയൊരു മാറ്റം സംഭവിച്ചിരിക്കുന്നു. ഒരുക്കങ്ങൾക്ക് നേതൃത്വം കൊടുത്ത എല്ലാ കമ്മറ്റിയംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു.

യോഹന്നാന്റെ സുവിശേഷം 13-ാം അദ്ധ്യായം 34ഉം 35 ഉം വാക്യങ്ങളിൽ കർത്താവ് പറയുന്നുണ്ട്, 'നാം പരസ്പരം സ്നേഹിക്കുന്നത് കാണുമ്പോൾ മറ്റുള്ളവർ മനസ്സിലാക്കണം നാം ക്രിസ്തുവിന്റെ ശിഷ്യന്മാരാണെന്ന്.' പരസ്പരം സ്നേഹിക്കുക എന്ന് പറഞ്ഞാൽ പരസ്പരം സഹായിക്കുക എന്നുതന്നെയാണ് അർത്ഥം. കാരണം അയൽക്കാരനെ സ്നേഹിക്കാൻ പറഞ്ഞ യേശു, ഉദാഹരണത്തിന് നല്ല ശമറായന്റെ ഉപമയാണ് പറഞ്ഞത് (ലൂക്കാ 10:25-37). അവിടെ സ്നേഹത്തെ സഹായമായാണ് ചിത്രീകരിക്കുന്നത്. ഈ വർഷത്തെ ഫിയാത്ത് കൺവെൻഷനോടുകൂടി ഹൊസൂർ രൂപത പരസ്പരം സഹായിക്കുന്ന ഒരു സ്നേഹസമൂഹമായി തീർന്നു എന്ന് ഞാൻ കരുതുന്നു. അങ്ങനെ മറ്റുള്ളവരുടെ മുൻപിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്നവരായി നമുക്ക് മാറാം. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം നാം ഉറപ്പ് വരുത്തണം. അതുപോലെ ബന്ധുക്കൾ തമ്മിലും, അയൽവക്കങ്ങൾ തമ്മിലും, ആരോടും വെറുപ്പും വിദ്വേഷവും പുലർത്താത്തവരെയാണ് ക്രിസ്ത്യാനികളായി യേശു നോക്കി കാണുന്നത്.

മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായത്തിൽ 23,24 തിരുവചനങ്ങളിൽ കർത്താവ് കൃത്യമായി പഠിപ്പിക്കുന്നുണ്ട്, മനസ്സിൽ വെറുപ്പും വിദ്വേഷവും വച്ച് ബലിയർപ്പിക്കുവാൻ പാടില്ല എന്ന്. പൗലോശ്ലീഹ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട് അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിച്ചാൽ ശിക്ഷാവിധിയായിരിക്കും നാം സ്വീകരിക്കുക എന്ന്. അതുകൊണ്ട് ആരോടും വെറുപ്പും വിദ്വേഷവുമില്ലാതെ ദൈവപരിപാ

ലനയിൽ, ദൈവസംരക്ഷണയിൽ എല്ലാവരോടും സ്നേഹത്തോടെ പരസ്പരം സഹായിച്ച് മുന്നോട്ട് നീങ്ങുന്ന ഒരു സമൂഹമായി മാറുവാൻ ഹൊസൂർ രൂപതയ്ക്ക് ദൈവം ഇടവരുത്തട്ടെ. അതിനായി നമുക്ക് ശക്തമായി പ്രാർത്ഥിക്കാം.

"എല്ലാവരോടും സ്നേഹത്തോടെ, മാനുഷിക പരിഗണനയോടെ" എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം; അതുപോലെ "ഓരോ നിമിഷവും ദൈവപരിപാലനയിൽ, ദൈവ സംരക്ഷണയിൽ" എന്നതും.

യേശുവിൽ സസ്നേഹം,

നിങ്ങളുടെ സ്നേഹപിതാവ്,

**മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ**

---




| | |
|---|---|
| ***Birth Day*** | |
| റവ. ഫാ. ജോസഫ് സാവിയോ പയ്യപ്പിള്ളി | February 06 |
| റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി | February 09 |
| റവ. ഫാ. സുബീഷ് വട്ടപറമ്പൻ | February 14 |
| റവ. ഫാ. ജോഷി വല്ലക്കുന്നേൽ വി.സി. | February 15 |
| റവ. ഫാ. സെബാസ്റ്റ്യൻ പടിഞ്ഞാറേക്കാട്ട് വി.സി. | February 18 |
| റവ. ഫാ. അബ്രഹാം കൂവക്കൽ | March 09 |
| മോൺ. വർഗ്ഗീസ് പെരേപ്പാടൻ | March 21 |
| റവ. ഫാ. ജിഫിൻ കൈതാരത്ത് | March 24 |
| റവ. ഫാ. തോമസ് തൈക്കൂട്ടത്തിൽ MST | March 26 |
| ***Feast Day*** | |
| മോൺ. ജോസ് മാളിയേക്കൽ | March 19 |
| റവ. ഫാ. ജോയ് അറക്കൽ CMI | March 19 |
| റവ. ഫാ. ജോസ് പുല്ലൂപറമ്പിൽ | March 19 |
| റവ. ഫാ. ജോസഫ് സാവിയോ പയ്യപ്പിള്ളി | March 19 |
| റവ. ഫാ. അലക്സ് കല്ലേലി | March 19 |
| റവ. ഫാ. ജിഫിൻ കൈതാരത്ത് | March 19 |

Ref: 3251/K-5/KCBC/OL/DS 04.02.2020

## 2020-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് പാപ്പാ

**"ഞങ്ങൾ ക്രിസ്തുവിനെ പ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു: നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ" (2 കോറി 5:20)**

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

**1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം**

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവസന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് "യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു" (ക്രിസ്തു ജീവിക്കുന്നു, 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf. യോഹ. 10:10)."നുണകളുടെ പിതാവിന്റെ" (യോഹ. 8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി

ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: "ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റു പറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും" (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

**2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം**

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ കരുണ നമ്മുടെമേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത" (ഗലാ. 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി "മുഖത്തോടുമുഖം" പുലർത്തുന്ന ബന്ധത്തിൽ - സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ - മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതുപോലെ (cf. ഹോസി. 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവി

ടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചുപോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നു പോകാൻ അനുവദിക്കാതിരിക്കാം.

**3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്രമായ ആഗ്രഹം**

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയേ സംഭവിച്ചുകൊള്ളുമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇളക്കിവിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറിയാത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനും (cf. 2 കോറി. 5:21) ക്രൂശിതനുമായ യേശുവിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16-ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, "ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു" (ദൈവം സ്നേഹമാകുന്നു, 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (cf. മത്താ. 5:43-48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോരുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ "പുതുതായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല" (അപ്പ.17:21). ശൂന്യവും ഉപരിപ്ലവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധരൂപങ്ങളുമുണ്ട്. പരിസ്ഥിതിപര

മായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേ സമയം അപകടസാധ്യതകളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വാർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടുപോകാൻ കഴിയും, മുമ്പോട്ടു പോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനപരമായ വശങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാരണത്താൽ നോമ്പുകാലത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവധനതത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Cathoic University Students, 18 December 1927). സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ്. സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാ രഹസ്യത്തിൽ ഉറപ്പിക്കാനും അവിടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകമറിയത്തോട് ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്രകാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf. മത്താ. 5:13-14).

**ഫ്രാൻസിസ് പാപ്പാ**

റോം, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019
ജപമാല മാതാവിന്റെ തിരുനാൾ ദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref.3247/K-5/KCBC/OL/DS 14 January 2020

## പരിശുദ്ധ മാർപാപ്പായുടെ സന്ദേശം

## ഇരുപത്തിയെട്ടാം ലോക രോഗീദിനാചരണം – 2020

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28)

പ്രിയ സഹോദരീസഹോദരന്മാരേ,

1. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ. 11:28) എന്ന യേശുവിന്റെ വാക്കുകൾ കൃപാവരത്തിന്റെ നിഗൂഢാത്മകമായ പാത ചൂണ്ടികാണിക്കുന്നു. ആ പാത ലളിത ഹൃദയമുള്ളവർക്ക് വെളിവാക്കപ്പെട്ടതാണ്. അത് ക്ലേശിതരും ക്ഷീണിതരുമായവർക്ക് പുതിയ ശക്തി നൽകുന്നു.

ക്രിസ്തുവിന്റെ ഈ വാക്കുകൾ മനുഷ്യപുത്രന് മുറിവേറ്റവരും ക്ലേശിതരുമായ എല്ലാവരുമായുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു. എത്രയോ മനുഷ്യർ ശരീരത്തിലും ആത്മാവിലും സഹിക്കുന്നു! തന്റെയടുത്തേക്കു വരാൻ യേശു ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. അവിടുന്നു പറയുന്നു; "എന്റെയടുക്കൽ വരുവിൻ." അവിടുന്ന് ആശ്വാസവും പ്രശാന്തതയും വാഗ്ദാനം ചെയ്യുന്നു.

"യേശു ഇതു പറയുമ്പോൾ ഗലീലിയിലെ തെരുവീഥികളിൽ ഓരോ ദിവസവും കണ്ടുമുട്ടുന്ന മനുഷ്യർ അവിടത്തെ മുമ്പിലുണ്ട്; ധാരാളം സാധാരണക്കാർ, ദരിദ്രർ, രോഗികൾ, പാപികൾ, നിയമത്തിന്റെയും സാമൂഹിക വ്യവസ്ഥിതിയുടെയും ഭാരത്താൽ അരികുകളിലാക്കപ്പെട്ടവർ... ഈ മനുഷ്യർ അവിടത്തെ വാക്കു കേൾക്കാൻവേണ്ടി അവിടത്തെ പിന്തുടർന്നു – പ്രത്യാശ നൽകുന്ന ഒരു വാക്കു കേൾക്കാം. യേശുവിന്റെ വാക്കുകൾ എപ്പോഴും പ്രത്യാശ നൽകുന്നു" (Angelus, 6 July 2014).

ഇരുപത്തിയെട്ടാം ലോകരോഗീദിനാചരണത്തിൽ യേശു ഈ വാക്കുകൾ രോഗികളോടും പീഡിതരോടും ദരിദ്രരോടും ആവർത്തിക്കുന്നു. എന്തെന്നാൽ തങ്ങൾ പൂർണമായും ദൈവത്തെ ആശ്രയിക്കുന്നുവെന്നും ക്ലേശങ്ങളുടെ ഭാരത്തിൻകീഴിൽ അവിടത്തെ സൗഖ്യദാനം ആവശ്യമായിരിക്കുന്നുവെന്നും അവർ തിരിച്ചറിയുന്നു. ദൗർബല്യത്തിന്റെയും സഹനത്തിന്റെയും ബലഹീനതയുടെയും സാഹചര്യങ്ങൾ സഹിക്കുന്നവരിൽനിന്നു യേശു ഒന്നും ആവശ്യപ്പെടുന്നില്ല. പിന്നെയോ അവിടുന്ന് തന്റെ കാരുണ്യവും ആശ്വാസകരമായ സാന്നിധ്യവും നൽകുന്നു. ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്ക് ഉറ്റുനോക്കുന്ന കണ്ണുകളുള്ള അവിടുന്ന് മുറിവേറ്റ മനുഷ്യവംശത്തെ നോക്കുന്നു. നോട്ടം നിസ്സംഗതയുടേതല്ല. പിന്നെയോ അത് മനുഷ്യരെ പൂർണ്ണമായി ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയെയും ആ വ്യക്തിയുടെ

ആരോഗ്യസ്ഥിതിയെയും ആശ്ലേഷിക്കുന്നു. ആരെയും വിട്ടുകളയുന്നില്ല. പിന്നെയോ തന്റെ ജീവിതത്തിൽ പങ്കുചേരാനും തന്റെ മൃദുല സ്നേഹം അനുഭവിച്ചറിയാനും ഓരോ വ്യക്തിയെയും അവിടുന്ന് ക്ഷണിക്കുന്നു.

2. എന്തുകൊണ്ടാണ് യേശുവിന് ഈ വികാരങ്ങളുണ്ടാകുന്നത്? എന്തെന്നാൽ അവിടുന്നു തന്നെ ദുർബലനായി മാനുഷിക സഹനം അനുഭവിച്ചു. തന്റെ പിതാവിൽനിന്ന് ആശ്വാസം സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വ്യക്തിപരമായി വേദന അനുഭവിക്കുന്ന വർക്കു മാത്രമേ മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ കഴിയുകയുള്ളൂ. ഗൗര വപൂർണ്ണമായ സഹനത്തിന്റെ അനേകം ഇനങ്ങളുണ്ട്. സുഖപ്പെടുത്താ നാകാത്ത രോഗങ്ങൾ, മാനസിക രോഗങ്ങൾ, പുനരധിവാസമോ പാലി യേറ്റിവ് കെയറോ ആവശ്യമായിരിക്കുന്ന രോഗങ്ങൾ. അംഗവൈക ല്യത്തിന്റെ അസംഖ്യം രൂപങ്ങൾ. കുട്ടികൾക്കുള്ളവ അഥവാ പാര മ്പര്യരോഗങ്ങൾ.... ചിലപ്പോൾ ഇവരോടുള്ള നമ്മുടെ സമീപനത്തിൽ മാനുഷികമായ ഊഷ്മളത ഇല്ലാതായിപ്പോകുന്നു. രോഗികളോടുള്ള വ്യക്തിപരമായ സമീപനമാണ് ആവശ്യമായിരിക്കുന്നത്. സുഖപ്പെടു ത്തൽ മാത്രമല്ല സമഗ്രമായ മാനുഷിക സുഖപ്പെടലിനെ ലക്ഷ്യം വയ്ക്കുന്ന ശുശ്രൂഷയാണ് ആവശ്യം.

3. രോഗികളായ പ്രിയ സഹോദരിസഹോദരന്മാരെ, നിങ്ങളുടെ രോഗം ഒരു പ്രത്യേക വിധത്തിൽ നിങ്ങളെ "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമാക്കുന്നു." അങ്ങനെ യേശുവിന്റെ കണ്ണുകളെയും ഹൃദയത്തെയും നിങ്ങൾ ആകർഷിക്കുന്നുണ്ട്. നിങ്ങളുടെ ഏറ്റവും ഇരു ട്ടുനിറഞ്ഞ നിമിഷങ്ങളെ പ്രകാശിപ്പിക്കാനുള്ള പ്രകാശവും നിങ്ങളുടെ അസ്വസ്ഥത കുറയ്ക്കാനുള്ള പ്രത്യാശയും നിങ്ങൾ യേശുവിൽ കണ്ടു മുട്ടും. "എന്റെയടുത്തേക്കു വരുവിൻ" എന്ന് അവിടുന്ന് നിങ്ങളെ നിർബ ന്ധിക്കുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും ഈ 'ഇരുണ്ട രാത്രി യിൽ" നിങ്ങളെ ആക്രമിക്കുന്ന ആകുലതകളെയും ചോദ്യങ്ങളെയും നേരിടാനുള്ള ശക്തി നിങ്ങൾ യേശുവിൽ കണ്ടുമുട്ടും. ക്രിസ്തു നമുക്കു കുറുപ്പടികൾ നൽകിയില്ല. പിന്നെയോ തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമ്മെ അവിടുന്ന് തിന്മയുടെ കടുംപിടി ത്തത്തിൽനിന്ന് സ്വതന്ത്രരാക്കുന്നു.

നിങ്ങൾ രോഗം അനുഭവിക്കുമ്പോൾ തീർച്ചയായും നിങ്ങൾക്ക് വിശ്രമസ്ഥലം കണ്ടുപിടിക്കേണ്ടിവരും. കൂടുതൽ കൂടുതൽ നല്ല സമ റായനായ യേശുക്രിസ്തുവിന്റെ (cf. ലൂക്കാ 10:34) "സത്രം" ആയി ത്തീരാൻ, അതായത്, അവിടത്തെ കൃപ കണ്ടുമുട്ടാനുള്ള ഭവനമായി ത്തീരാൻ സഭ ആഗ്രഹിക്കുന്നു. അവിടെ അടുപ്പവും സ്വീകരവും ആശ്വാ സവും പ്രകാശിപ്പിക്കപ്പെടുന്നു. ഈ ഭവനത്തിൽ ദൈവകൃപയാൽ രോഗ ങ്ങൾ സുഖമാക്കപ്പെട്ടവരെ നിങ്ങൾക്കു കാണാം. കുരിശുകൾ വഹി ക്കാൻ നിങ്ങളെ അവനർ സഹായിക്കുകയും, നിങ്ങളുടെ സഹനത്തെ സംബന്ധിച്ച പുതിയൊരു വീക്ഷണം നൽകാൻ വേണ്ടിയാണിത് നിങ്ങ ളുടെ രോഗത്തിനുപ്പുറത്ത് പുതിയ പ്രകാശത്തിന്റെയും നിങ്ങളുടെ ജീവിതത്തിന്റെ പുതിയ ശക്തിയുടെയും കൂടുതൽ വലിയ ചക്രവാള ത്തിലേക്കു നോക്കാൻ നിങ്ങൾക്കു കഴിയും.

രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും നവീകരണവും നൽകാനുള്ള ഈ പരിശ്രമത്തിൽ ആരോഗ്യ സംരക്ഷണ പ്രവർത്തകരായ ഡോക്ടർമാർ, നഴ്സുമാർ, ചികിത്സാ പരവും കാര്യനിർവഹണപരവുമായ കാര്യങ്ങളിൽ വിദഗ്ധരായവർ, സഹായികൾ, വൊളന്റിയർമാർ എന്നിവർ സുപ്രധാനമായ ഒരു പങ്കു വഹിക്കുന്നു. അവരുടെ വൈദഗ്ധ്യത്തിനു നന്ദി. രോഗികളെ ആശ്വസിപ്പിക്കുകയും ശുശ്രൂഷിക്കുകയും എല്ലാ രോഗവും സുഖപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്നതിന് രോഗികൾക്കു ശക്തി നൽകാൻ അവർക്കു കഴിയും. എന്നാലും അവർ സ്വന്തം ബലഹീനതകളുള്ളവരും രോഗങ്ങൾപോലും ഉള്ളവരുമായ സ്ത്രീപുരുഷന്മാരാണ്. താഴെപ്പറയുന്നത് എത്ര സത്യമാണെന്ന് അവർ കാണിക്കുന്നു: "ക്രിസ്തുവിൽ നിന്ന് ആശ്വാസവും വിശ്രമവും സ്വീകരിച്ചുകഴിഞ്ഞാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് വിശ്രമവും ആശ്വാസവുമാകാൻ നമ്മൾ വിളിക്കപ്പെടുന്നു. ദിവ്യഗുരുവിനെ അനുകരിച്ചുകൊണ്ട് വിനയപൂർവകവും വിനീതവുമായ മനോഭാവത്തോടെ അങ്ങനെ ചെയ്യണം" (Angelus, 6 July 2014).

4. പ്രിയപ്പെട്ട ആരോഗ്യ ശുശ്രൂഷാവിദഗ്ധരേ, നമുക്ക് ഒരു കാര്യം എപ്പോഴും ഓർമ്മിക്കാം. രോഗനിർണ്ണയം, രോഗനിവാരണം, ചികിത്സ, ഗവേഷണം, സംരക്ഷണം, പുനരധിവാസം എന്നിവ എപ്പോഴും രോഗിയായ വ്യക്തിക്കുവേണ്ടിയാണ്. "വ്യക്തി" എന്ന നാമം "രോഗി" എന്ന വിശേഷണത്തേക്കാൾ മുൻഗണനയർഹിക്കുന്നതാണ്. നിങ്ങളുടെ ജോലിയിൽ നിങ്ങൾ എപ്പോഴും ഓരോ വ്യക്തിയുടെയും മഹത്വത്തെയും ജീവിതത്തെയും വളർത്താൻ ശ്രമിക്കണം. വേദനിപ്പിക്കാതെ മരിപ്പിക്കൽ, ആത്മഹത്യയ്ക്കുള്ള സഹായം, ജീവനെ നശിപ്പിക്കൽ എന്നിവ സ്ഥിര രോഗത്തിന്റെ കാര്യത്തിൽപോലും, സമ്മതിക്കരുത്.

വർദ്ധിച്ചുവരുന്ന പ്രശ്നസങ്കീർണ്ണമായ രോഗങ്ങളുടെ മുമ്പിൽ ചികിത്സാശാസ്ത്രത്തിന്റെ പരിമിതികളെയും – പരാജയങ്ങളെപ്പോലും – നേരിടേണ്ടിവരും. അപ്പോൾന നിങ്ങളുടെ പ്രൊഫഷന്റെ അതിശായിയായ മാനത്തോടു തുറവിയുള്ളവരായിരിക്കാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. അത് പ്രൊഫഷന്റെ പരമമായ അർത്ഥം വെളിവാക്കും. ജീവൻ വിശുദ്ധമാണെന്നും അതു ദൈവത്തിന്റേതാണെന്നും നമുക്ക് ഓർമ്മിക്കാം. അതുകൊണ്ട് അത് അലംഘ്യമാണ്. തോന്നുന്നതുപോലെ അതിനെ കൈകാര്യം ചെയ്യാൻ അവകാശമുണ്ടെന്ന് ആർക്കും അവകാശപ്പെടാനാവുകയില്ല. (cf. ജീവന്റെ ദാനം 5, ജീവന്റെ സുവിശേഷം 29-53).

ജീവനെ ആരംഭം മുതൽ അവസാനംവരെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ആദരിക്കുകയും ശുശ്രൂഷിക്കുകയും വേണം. മനുഷ്യബുദ്ധിയും ജീവന്റെ കർത്താവായ ദൈവത്തിലുള്ള വിശ്വാസവും ഇത് ആവശ്യപ്പെടുന്നു. ജീവനോടും മനുഷ്യവ്യക്തിയോടുമുള്ള നിങ്ങളുടെ "അതേ" എന്ന നിശ്ചയത്തിൽ നിങ്ങൾ ഉറച്ചു നിൽക്കുന്നുവെങ്കിൽ ചില കേസുകളിൽ ബോധപൂർവ്വകമായ എതിർപ്പ് അത്യാവശ്യമായ ഒരു തീരുമാനമായിത്തീരുന്നു. ക്രൈസ്തവ പരസ്നേഹത്താൽ

സഹായിക്കപ്പെടുന്ന നിങ്ങളുടെ തൊഴിൽ വൈദഗ്ധ്യം ജീവനുള്ള അവകാശമാകുന്ന ഏറ്റവും യഥാർത്ഥമായ മാനുഷികാവകാശത്തെ സംരക്ഷിക്കുന്നതിന് നിങ്ങൾക്കു നൽകാൻ കഴിയുന്ന ഏറ്റവും നല്ല സേവനമായിരിക്കും. നിങ്ങൾക്ക് സുഖപ്പെടുത്താൻ ഒട്ടും സാധ്യതയില്ലാതാകുമ്പോൾ ശുശ്രൂഷയും സുഖപ്പെടുത്തൽ ശ്രമവും നടത്താൻ നിങ്ങൾക്കു കഴിയും. രോഗിക്ക് ആശ്വാസം നൽകുന്ന പെരുമാറ്റം കൊണ്ടും ചികിത്സാപ്രക്രിയകൾകൊണ്ടും അങ്ങനെ ചെയ്യാം.

യുദ്ധത്തിന്റെയും അക്രമപരമായ സംഘട്ടനത്തിന്റെയും ചില സാഹചര്യങ്ങളിൽ രോഗികളെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യുകയും ചെയ്യുന്ന ആരോഗ്യ സംരക്ഷണ വിദഗ്ധരും സൗകര്യങ്ങളും ആക്രമിക്കപ്പെടുന്നുവെന്നത് ദുരന്തപരമാണ്. ചില പ്രദേശങ്ങളിൽ രാഷ്ട്രാധികാരികൾ സ്വന്തം നേട്ടത്തിനായി ചികിത്സയെ ദുരുപയോഗിക്കാൻ പരിശ്രമിക്കുന്നുണ്ട്. അങ്ങനെ അവർ ചികിത്സാവിദഗ്ധരുടെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നു. എന്നാലും സമൂഹത്തിലെ സഹിക്കുന്ന അംഗങ്ങളെ ശുശ്രൂഷിക്കാൻവേണ്ടി സ്വയം സമർപ്പിക്കുന്നവരെ ആക്രമിക്കുന്നത് ആരുടെയും താൽപ്പര്യങ്ങളെ സംരക്ഷിക്കുകയില്ല.

5. ദാരിദ്ര്യത്തിൽ ജീവിക്കുന്നതുകൊണ്ട് ചികിത്സ ലഭിക്കാത്തവരായി ലോകത്തിലെങ്ങുമുള്ള അനേകം സഹോദരീസഹോദരന്മാരെപ്പറ്റി 28-ാം ലോകരോഗീദിനാചരണത്തിൽ ഞാൻ ചിന്തിക്കുന്നു. ഇക്കാരണത്താൽ സാമ്പത്തിക താൽപ്പര്യങ്ങൾ മൂലം സാമൂഹിക നീതി അവഗണിക്കാതിരിക്കാൻ ലോകമെങ്ങുമുള്ള ചികിത്സാ സ്ഥാപനങ്ങളെയും സർക്കാരിന്റെ നേതാക്കളെയും ഞാൻ നിർബന്ധിക്കുന്നു. ആരോഗ്യം സംരക്ഷിക്കാനും ലഭ്യമാക്കാനുമുള്ള സമുചിതമായ ചികിത്സ ഓരോ വ്യക്തിക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഐക്യദാർഢ്യത്തിന്റെയും തത്ത്വങ്ങളെ യോജിപ്പിച്ചുകൊണ്ട് സഹകരിക്കാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സംവിധാനപരമായ കുറവുകൾ പരിഹരിച്ചുകൊണ്ടും നല്ല സമറായനായ ക്രിസ്തുവിന്റെ പ്രതിഛായയെപ്പറ്റി ചിന്തിച്ചുകൊണ്ടും വാത്സല്യപൂർവ്വകമായ സ്നേഹവും അടുപ്പവുംകൊണ്ട് രോഗികളെ ശുശ്രൂഷിക്കുന്ന സന്നദ്ധസേവകർക്ക് ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

രോഗത്തിന്റെ ഭാരം വഹിക്കുന്നവരെ അവരുടെ കുടുംബങ്ങളോടും ചികിത്സ ചെയ്യുന്ന എല്ലാവരോടും കൂടെ രോഗികളുടെ ആരോഗ്യമായ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു.

എന്റെ പ്രാർത്ഥനകളിൽ ഓർക്കാമെന്ന് ഉറപ്പ് നൽകികൊണ്ട് ഹൃദയപൂർവ്വം എന്റെ അപ്പസ്തോലികാശീർവ്വാദം ഞാൻ നൽകുന്നു.

വത്തിക്കാനിൽനിന്ന്, 3 ജനുവരി 2020
യേശുവിന്റെ ഏറ്റവും വിശുദ്ധ നാമത്തിന്റെ ഓർമ്മദിവസം
**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# കച്ചേരി കാര്യങ്ങൾ

## I. ഓർമ്മിക്കേണ്ട ദിനങ്ങൾ

### ഫെബ്രുവരി 2020

| | | |
|---|---|---|
| 02 | - | നമ്മുടെ കർത്താവിന്റെ ദൈവാലയ സമർപ്പണം<br>ദനഹാ 5-ാം ഞായർ |
| 7-9 | - | ഫിയാത്ത് 2020 ബൈബിൾ കൺവെൻഷൻ |
| 09 | - | ദനഹാ 6-ാം ഞായർ |
| 11 | - | ലൂർദ്ദ് മാതാവിന്റെ തിരുനാൾ<br>അഖിലലോക രോഗീദിനം |
| 16 | - | ദനഹാ 7-ാം ഞായർ |
| 23 | - | നോമ്പ് 1-ാം ഞായർ |
| 24 | - | വിഭൂതി തിങ്കൾ |
| 25 | - | വാഴ്ത്തപ്പെട്ട സി. റാണി മരിയ |

### മാർച്ച് 2020

| | | |
|---|---|---|
| 01 | - | വി. യൗസേപ്പിതാവിന്റെ വണക്കമാസം ആരംഭം<br>നോമ്പ് 2-ാം ഞായർ |
| 06 | - | മാസാദ്യവെള്ളി |
| 08 | - | നോമ്പ് 3-ാം ഞായർ |
| 15 | - | നോമ്പ് 4-ാം ഞായർ |
| 19 | - | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 22 | - | നോമ്പ് 5-ാം ഞായർ |
| 25 | - | പരി. കന്യകാമറിയത്തിന്റെ മംഗളവാർത്തതിരുനാൾ |
| 29 | - | നോമ്പ് 6-ാം ഞായർ |

## II. APPOINTMENTS AND RELIEVING ORDERS

1. Rev. Dr. Varghese Palathingal : Appointed Judicial Vicar of the Eparchy of Hosur.
2. Rev. Fr. Shaju Kalapurackal SCJ: Appointed Director, Santhome Snehatheeram, Vice-Rector, St. James Minor Seminary, Priest in charge of Thiruvallur, Arakonam area.
3. Very Rev. Fr. Anto Karippai : Relieved from the Office of Director, Santhome Snehatheeram and Priest in charge of Thiruvallur area.

| | | |
|---|---|---|
| 4. Rev. Fr. Lijo Chittilappilly | : | Relieved from the Office of Vice Rector, St. James Minor Seminary and Finance Officer of Santhome Snehatheeram. Appointed Animator, Village Evangelization Ministry also; Residence at Hosur Bhavan |
| 5. Rev. Fr. Jifin Kaitharath | : | Relieved from the office of Vice Chancellor and Secretary to the Bishop. Appointed Chancellor in charge of the Eparchy of Hosur, and Director, Liturgy and Choir also. |
| 6. Rev. Fr. Joshy Vallomkunnel VC | : | Appointed Parish Priest, Kodambakkam |
| 7. Rev. Msgr. Jose Maliekal | : | Appointed House Procurator also. |
| 8. Rev. Fr. Leslin Cheruparambil | : | Appointed Director, ICAB Eparchy of Hosur also. |
| 9. Very Rev. Fr. FebyPulickan | : | Relieved from all the offices of the eparchy of Hosur |
| 10. Rev. Msgr. Varghese Pereppadan | : | Relieved from the office of House Procurator. |
| 11. Rev. Fr. Joseph Savio Payyapilly | : | Relieved from the office of Director, ICAB |
| 12. Rev. Fr. Jijo Pulickathazhe CMI | : | Appointed Asst. Vicar. St. Antony's Cathedral Church, Noothencherry. |
| 13. Bro. Nithin Kallarackal | : | Appointed Secretary to the Bishop. |
| 14. Rev. Fr. Joy Arackal CMI | : | Appointed Co-ordinator of Safe Environment Committee of the Eparchy of Hosur |
| 15. Adv. Mrs. Annamma John | : | Appointed Director of Safe Environment Committee of the Eparchy of Hosur |
| 16. Rev. Sr. Rincy CSC | : | Appointed Office Administrator of Safe Environment Committee of the Eparchy of Hosur |
| 17. Adv. Mr. Francis Kurian | : | Appointed Member of Safe Environment Committee of the Eparchy of Hosur |
| 18. Mrs. Rani Sabu | : | Appointed Member of Safe Environment Committee of the Eparchy of Hosur |

## III. വൈദിക സമ്മേളനം

ഹൊസൂർ രൂപതയിലെ വൈദികരുടെ സമ്മേളനം ഫെബ്രുവരി 5 ബുധൻ ഉച്ചതിരിഞ്ഞ് 3 മണിക്ക് അയനാവരത്തുള്ള ബിഷപ്പ്സ് ഓഫീസിൽവച്ച് നടത്തുന്നു. എല്ലാ വൈദികരും മീറ്റിങ്ങിൽ പങ്കെടുക്കണം.

## IV. ഫിയാത്ത് 2020 ബൈബിൾ കൺവെൻഷൻ

ഹൊസൂർ രൂപത ബൈബിൾ കൺവെൻഷൻ 2020 ഫെബ്രുവരി 7,8,9 തിയ്യതികളിൽ മുഗപ്പേർ മാർ ഗ്രിഗോറിയോസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. കൺവെൻഷൻ നയിക്കുന്നത് ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചനാണ്. കൺവെൻഷൻ ദിവസങ്ങളിൽ എല്ലാ ഇടവകകളിൽനിന്നും ധാരാളംപേരെ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം. കൺവെൻഷന്റെ വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കുവാൻ വിശ്വാസികളോട് ആവശ്യപ്പെടുമല്ലോ.

## V. അമ്പത് നോമ്പ്

ഫെബ്രുവരി 23 പാതിരാമുതൽ 50 നോമ്പ് ആരംഭിക്കുകയാണ്. 24-ാം തിയ്യതി തിങ്കളാഴ്ച വിഭൂതിയാണ്. അന്ന് മാംസവർജ്ജനത്തിന്റെയും ഉപവാസത്തിന്റെയും ദിനമാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പ് ഞായർ വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമായിരിക്കും.

## VI. നിത്യാരാധനാ കേന്ദ്രം

ബിഷപ്പ്സ് ഓഫീസ് സ്ഥിതി ചെയ്യുന്ന അയനാവരം സെന്റ് തോമസ് പാസ്റ്ററൽസെന്ററിനോട് ചേർന്ന് ഫെബ്രുവരി 23 മുതൽ നിത്യാരാധന ആരംഭിക്കുന്നു. രാവിലെ 6.30 മുതൽ വൈകുന്നേരം 7.30 വരെയാണ് ആരാധനാസമയം. ദിവ്യകാരുണ്യ സന്നിധിയിലേക്ക് ഏവർക്കും സ്വാഗതം.

## VII. കൗൺസിലിംഗ് സെന്റർ

രൂപതയുടെ നേതൃത്വത്തിൽ 2020 ഫെബ്രുവരി 23 മുതൽ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ കൗൺസിലിങ്ങ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. പ്രവർത്തനസമയം ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരിക്കും.

## VIII. വൈദികരുടെ മാസധ്യാനം

മാർച്ച് മാസത്തിൽ വൈദികരുടെ മാസധ്യാനം 4-ാം തിയ്യതി ബുധനാഴ്ച വൈകീട്ട് 6.30ന് അയനാവരം ബിഷപ്പ്സ് ഓഫീസ് ചാപ്പ ലിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ വൈദികരും പങ്കെടുക്കുക.

## IX. വൈദികർക്കുള്ള ക്ലാസ്

വിവാഹ നിയമങ്ങളെ സംബന്ധിച്ചുള്ള ക്ലാസ്സ് മാർച്ച് 11 ബുധ നാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് അയനാവരം ബിഷപ്പ്സ് ഓഫീസ് കോൺഫ റൻസ് ഹാളിൽവച്ച് നടത്തപ്പെടും. റവ.ഡോ. വർഗ്ഗീസ് പാലത്തിങ്കൽ ക്ലാസ്സ് നയിക്കും. എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരും ക്ലാസ്സിൽ പങ്കെടു ക്കേണ്ടതാണ്.

## X. പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്

ഹൊസൂർ രൂപതയുടെ രണ്ടാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം മാർച്ച് 15-ാം തിയ്യതി ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ അയനാവരം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

**മോൺ. ജോസ് മാളിയേക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

---

## കരിസ്മാറ്റിക് മൂവ്മെന്റ്

2020 ഫെബ്രുവരി 7,8,9 തിയ്യതികളിൽ ഹൊസൂർ രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫിയാത്ത് 2020 കൺവെൻഷനിൽ 5000 ത്തോളം വിശ്വാസികൾ പങ്കെടുത്തു. ധ്യാനത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചനും ടീമംഗങ്ങൾക്കും, ധ്യാനം മനോഹരമാക്കാൻ സഹകരിച്ച ഏവർക്കും ദൈവാനുഗ്രഹം നേരുകയും ആത്മാർത്ഥമായി നന്ദി പറയുകയും ചെയ്തു.

**ഫാ. ജാജു എളങ്കുന്നപുഴ**
ഡയറക്ടർ

# മാതൃജ്യോതിസ്

## മേഖല സംഗമങ്ങൾ

1. **അയനാവരം മേഖല :** അയനാവരം, പെരമ്പൂർ ഫൊറോനകളിൽ ഉൾപ്പെടുന്ന പള്ളികളിലെ മാതൃജ്യോതിസ് അംഗങ്ങളുടെ സംഗമം അയനാവരം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. ഹൊസൂർ രൂപ താദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ ഉദ്ഘാടനം ചെയ്ത പൊതുസമ്മേളനത്തിൽ അയനാവരം പള്ളി വികാരി മോൺ. ജോസ് മാളിയേക്കൽ, രൂപതാ ജുഡീഷ്യൽ വികാരി ഫാ. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ എന്നിവർ സന്നിഹിതരായിരുന്നു. ക്ലാസ് നയിച്ചത് ബ്രദർ ഫ്രാൻസിസ് അസ്സീസി.
2. **മുഗപ്പേർ മേഖല :** മുഗപ്പേർ, ആവഡി ഫൊറോനകളിൽ ഉൾപ്പെടുന്ന പള്ളികളിലെ മാതൃജ്യോതിസ് അംഗങ്ങളുടെ സംഗമം മുഗപ്പേർ ഹോളിക്രോസ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. മുഖ്യ വികാരി ജനറാൾ മോൺ. ജോസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ മുഗപ്പേർ, ഫൊറോന വികാരി പെരിയ ബഹു. ജാജു എളങ്കുന്നപുഴയച്ചൻ, സി. ലിറ്റിൽ ഫ്ളവർ എഫ്.സി.സി. എന്നിവർ സന്നിഹിതരായിരുന്നു. ക്ലാസ് നയിച്ചത് ഫാ. ജാജു എളങ്കുന്നപുഴ.
3. **കീൾകട്ടളൈ മേഖല :** കീൾക്കട്ടളൈ, നൂത്തഞ്ചേരി ഫൊറോനകളിൽ ഉൾപ്പെടുന്ന പള്ളികളിലെ മാതൃജ്യോതി സംഘങ്ങളുടെ സംഗമം കീൾകട്ടളൈ സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കീൾക്കട്ടളൈ ഫൊറോന വികാരി പെരിയ ബഹു. ജോസ് പുല്ലുപറമ്പിൽ, വടവാതൂർ സെമിനാരി പ്രൊഫസർ ഫാ. ജെയിംസ് തലച്ചെല്ലൂർ സി. അന്ന ഡേവിസ് സി. എച്ച്.എഫ്. എന്നിവർ സന്നിഹിതരായിരുന്നു. ക്ലാസ്സ് നയിച്ചത് ഫാ. നിജോ പള്ളായി.
4. രൂപത മൈനർ സെമിനാരി നിർമ്മാണത്തിലേക്കായി മാതൃജ്യോതിസ് സംഘടനയുടെ സംഭാവനയുടെ ആദ്യഗഡു അഭിവന്ദ്യ പിതാവിനെ ഏൽപ്പിച്ചു.
5. മാതൃജ്യോതിസ് ഭാരവാഹികളുടെ വിനോദയാത്ര ജനുവരി 30ന് നടത്തുകയുണ്ടായി.

**ഫാ. എബിൻ പയ്യപ്പിള്ളി**
ഡയറക്ടർ

# POPE TWEETS
## January 2020



- *Let us begin the year in the sign of Our Lady, the woman who wove the humanity of God. The rebirth of humanity began with woman. If we want to weave humanity into the webs of our day, we must begin again with woman.* 3:30 AM - 1 Jan 2020
- *Jesus, newly born, was mirrored in the face of His mother. From her, He received His first caresses; with her, He exchanged the first smiles. With her began the revolution of tenderness. The Church, looking at the Baby Jesus, is called to continue that revolution.* 4:30 AM - 2 Jan 2020
- *Salvation is in the name of Jesus. We must testify to this: He is the only Saviour.* 5:00 AM - 3 Jan 2020
- *We must believe that others need peace just as much as we do. Peace will not be obtained unless it is hoped for. Let us ask the Lord for the gift of peace!* 4:30 AM - 4 Jan 2020
- *Worship means concentrating on what is essential: ridding ourselves of useless things and addictions that anesthetize the heart and confound the mind.* 4:30 AM - 6 Jan 2020
- *Worship means bringing our lives to the Lord, and allowing Him enter into them. It means letting His consolation come down to earth, and letting ourselves be pervaded by His tender love.* 4:30 AM - 8 Jan 2020
- *On the Feast of the #BaptismoftheLord, we rediscover our Baptism. Just as Jesus is the Father's beloved Son, we too, reborn by water and the Holy Spirit, know that we are beloved children of God, brothers and sisters among many other brothers and sisters.* 4:30 AM - 12 Jan 2020
- *Whoever has faith feels a great need for God and, in our own smallness, we surrender ourselves, trusting fully in Him.* 4:30 AM - 18 Jan 2020
- *Being Christian does not mean defending yourself with an ideology in order to move forward. To be Christian is to be free, because we have confidence, because we are docile to the Word of the Lord. #HomilySantaMarta.* 4:14 AM - 20 Jan 2020

## February 2020

- ✠ *Whoever keeps their gaze fixed on Jesus learns to live in order to serve. They do not wait for others to start, but set out to seek their neighbor. #ConsecratedLife* 11:00 PM · Feb 1, 2020
- ✠ *The #GospeloftheDay (Lk 2:22-40), for the Feast of the Presentation of the Lord, shows us the amazement of Mary, Joseph, Simeon and Anne at what was happening before their eyes. The ability to be amazed makes our encounter with the Lord fruitful.* 6:00 PM · Feb 2, 2020
- ✠ *Brothers and sisters, in moments when we are far from God, it would do us good to hear this voice in our heart: "My son, my daughter, what are you doing? Please, don't kill yourself. I died for you." #HomilySantaMarta* 5:24 PM · Feb 4, 2020
- ✠ *The Document on Human Fraternity, signed one year ago, has written a new page in the dialogue between religions and people of good will. As brothers and sisters, we want to say "no" to violence, and together promote peace, life, and religious freedom.* 7:10 PM · Feb 4, 2020
- ✠ *Both John the Baptist, who is the greatest man born of woman, and the Son of God have chosen the path of humiliation. God shows this path to Christians so they can move forward. One cannot be humble without having suffered humiliation. #HomilySantaMarta* 5:47 PM · Feb 7, 2020
- ✠ *Painful reports are still emerging from #Syria regarding the conditions facing women and children, as people are forced to flee the war. I renew my appeal to all parties involved to engage in dialogue and to respect Humanitarian Law in order to safeguard the lives of civilians.* 7:00 PM · Feb 9, 2020
- ✠ *Faith grows when we invoke the Lord with confidence, bringing to Jesus who we are, with open hearts, without hiding our sufferings.* 6:00 PM · Feb 10, 2020
- ✠ *I dream of an Amazon region that fights for the rights of the poor, the original peoples and the least of our brothers and sisters, where their voices can be heard and their dignity advanced. #QueridaAmazonia* 5:30 PM · Feb 12, 2020
- ✠ *We alone cannot satisfy ourselves. We need to unmask our self-sufficiency, overcome our closures, go back to being small within, be simple and enthusiastic, filled with fervor for God and love for others.* 6:00 PM · Feb 17, 2020

# സെമിനാരി വാർത്തകൾ

- **ക്രിസ്തുമസ് ആഘോഷിച്ചു**

ഡിസംബർ 20-ാം തിയ്യതിവരെ നീണ്ടുനിന്ന പരീക്ഷകൾക്കു ശേഷം 21-ാം തിയ്യതിയായിരുന്നു സെമിനാരിയും സ്നേഹതീരവും സംയുക്തമായി കൊണ്ടാടിയ ക്രിസ്തുമസ് ആഘോഷങ്ങൾ. രാവിലെ 10.30ന് അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിക്കുശേഷം കലാപരിപാടികളിലും സ്നേഹവിരുന്നിലും സെമിനാരി - സ്നേഹതീരം കുടുംബവും അദ്ധ്യാപകരും തിരുവള്ളൂരിലെ ക്രിസ്തീയ കുടുംബങ്ങളും പങ്കെടുത്തു.

- **മാസധ്യാനം**

ഡിസംബർ 21-ാം തിയ്യതി റെക്ടർ റവ. ഫാ. ആന്റോ കരിപ്പായിയും ജനുവരി 20-ാം തിയ്യതി ഫാ. അലക്സ് വള്ളിയാംത്തടത്തിൽ വി.സി.യും മാസധ്യാനങ്ങൾ നയിച്ചു.

- **ക്രിസ്തുമസ് അവധിക്കാലം**

2019 ഡിസംബർ 22 മുതൽ 2020 ജനുവരി 4 വരെ നീണ്ടുനിന്ന ക്രിസ്തുമസ് അവധിക്കുശേഷം ഊർജ്ജസ്വലതയോടെ പുത്തൻ പ്രതീക്ഷകളുമായി പുതിയ ഉത്തരവാദിത്വങ്ങൾക്ക് എല്ലാവരും തിരിച്ച് സെമിനാരിയിൽ എത്തിചേർന്നു.

- **എൻട്രൻസ് പരീക്ഷ**

ഫെബ്രുവരി 8-ാം തിയ്യതിയായിരുന്നു ഈ വർഷത്തെ മേജർ സെമിനാരികളിലേക്കുള്ള എൻട്രൻസ് പരീക്ഷ. നമ്മുടെ രൂപതയിൽനിന്നും 4 വൈദിക വിദ്യാർത്ഥികൾ പരീക്ഷ എഴുതി.

- **സൗഹൃദ മത്സരം**

ഫെബ്രുവരി 10-ാം തിയ്യതി വൈകുന്നേരം 5 മണിയോടെ അച്ചന്മാരും ബ്രദേഴ്സും, പൂനമല്ലി ക്രൈസ്റ്റ് ദ കിങ്ങ് ദൈവാലയവും സി.എം.ഐ. ആശ്രമവും സന്ദർശിച്ചു. അവിടെയുള്ള ബ്രദേഴ്സിനെയും വൈദികരെയും പരിചയപ്പെടുന്നതിന്റെയും സൗഹൃദങ്ങൾ പുതുക്കുന്നതിന്റെയും ഭാഗമായി സംഘടിപ്പിച്ച ബാസ്ക്കറ്റ്ബോൾ & വോളിബോൾ മത്സരങ്ങളിൽ എല്ലാവരും പങ്കുചേർന്നു.

- **സെമിനാരി നിർമ്മാണം**

  രൂപത മൈനർ സെമിനാരി നിർമ്മാണത്തിന് ജില്ലാ കളക്ടറിൽനിന്നും ലഭിക്കേണ്ടതായ അനുവാദം 31.12.2019ന് ലഭിച്ചു. തിരുവള്ളൂരിനടുത്ത സെഞ്ചി പാണമ്പാക്കം റെയിൽവേ സ്റ്റേഷന് വളരെ സമീപത്താണ് പ്രസ്തുത സ്ഥലം.

- **യാത്രയയപ്പും സ്വീകരണവും**

  ഉത്തരവാദിത്വങ്ങളുടെ പുതിയ മേച്ചിൽസ്ഥലത്തേക്ക് മാറിപ്പോകുന്ന വൈസ് റെക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളിക്ക് ജനുവരി 27-ാം തിയ്യതി യാത്രയയപ്പ് നൽകി. പ്രസ്തുത പരിപാടിയിൽ അഭിവന്ദ്യ പിതാവും വികാരി ജനറാളച്ചന്മാരും സന്നിഹിതരായിരുന്നു. തുടർന്ന് 30-ാം തിയ്യതി സാന്തോം സ്നേഹതീരം ഡയറക്ടറായും സെമിനാരി വൈസ് റെക്ടറായും ചാർജ്ജെടുക്കുന്ന ഫാ. ഷാജു കളപ്പുരയ്ക്കലിന് ഊഷ്മള സ്വീകരണവും നൽകി.

- **ഫിയാത്ത് ബൈബിൾ കൺവെൻഷൻ 2020**

  ഫെബ്രുവരി 7,8,9 തിയ്യതികളിലായി സംഘടിപ്പിച്ച ഫിയാത്ത് 2020 ബൈബിൾ കൺവെൻഷനിൽ സെമിനാരി കുടുംബം സന്നിഹിതരാവുകയും തിരുകർമ്മങ്ങളിൽ സഹായിക്കുകയും ചെയ്തു.

**ഫാ. ആന്റോ കരിപ്പായി**
റെക്ടർ, സെന്റ് ജെയിംസ് മൈനർ സെമിനാരി

---

# ഫാമിലി അപ്പസ്തോലേറ്റ്

- മാർച്ച് മാസത്തിൽ 13,14,15 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ പ്രീകാന കോഴ്സ് നടത്തുന്നു.
- ആവശ്യമായവ
  1. രജിസ്ട്രേഷൻ ഫീസ് 1000/-
  2. വികാരിയച്ചന്റെ സാക്ഷ്യപത്രം
  3. രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

**ഫാ. സുബീഷ് വട്ടപറമ്പൻ**
ഡയറക്ടർ